# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :8258 17/07/2014 ൽ മറുപടിയ്ക്ക്

## പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കുൾപ്പെടെ ലഭിക്കുന്ന സ്റ്റൈപന്റ്, ലംപ്സംഗ്രാന്റ് എന്നിവ എത്ര വീതമെന്ന് കോഴ്സുകളുടെ ഇനംതിരിച്ച് വ്യക്തമാക്കാമോ ; ഈ തുക എന്നുമുതലാണ് നൽകിവരുന്നത് ; ഇതു കൂടാതെ മറ്റെന്തൊക്കെ ആനുകൂല്യങ്ങളാണ് ഈ വിഭാഗം വിദ്യാർത്ഥികൾക്കു ലഭിക്കുന്നത്; | (എ) | പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്റ്റൈപന്റ്, ലംപ്സംഗ്രാന്റ് നിരക്കുകൾ അടങ്ങുന്ന ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. 2012 ജൂൺ മാസം മുതലാണ് വർദ്ധിപ്പിച്ച നിരക്കിലുള്ള തുകകൾ അനുവദിച്ചു വരുന്നത്. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ കൂടാതെ സർക്കാർ അംഗീകരിച്ച ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ഫീസാനുകൂല്യങ്ങൾ, പോക്കറ്റ്മണി എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. |
| (ബി) | പട്ടികവിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുകയാണെങ്കിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്നു വിശദമാക്കാമോ ; സ്വന്തമായി ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് താമസിച്ചുള്ള പഠനത്തിനായി എന്തൊക്കെ സൗകര്യങ്ങളാണ് നിലവിലുള്ളത്; | (ബി) | വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ താമസ ഭക്ഷണം (2,300/- രൂപ), പോക്കറ്റ് മണി എന്നിവ അനുവദിച്ചുവരുന്നു. സ്ഥാപനത്തിന്റെ അംഗീകൃത ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർക്ക് 3,500/- രൂപ വരെ യഥാർത്ഥ താമസഭക്ഷണ ചെലവിനത്തിൽ അനുവദിച്ചു വരുന്നു. സ്ഥാപനത്തിന് ഹോസ്റ്റൽ സൗകര്യമില്ലാത്ത വിദ്യാർത്ഥികൾ പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പ്രവേശനത്തിന് അപേക്ഷിച്ചിട്ട് പ്രവേശനം ലഭ്യമാകാത്തവർ സ്വന്തം നിലയ്ക്ക് സ്ഥാപനത്തിനടുത്ത് താമസിച്ച് പഠിക്കുകയാണെങ്കിൽ 1,500/- രൂപ ബോർഡിംഗ് ഗ്രാന്റായി അനുവദിച്ചുവരുന്നു. |
| (സി) | പ്രസ്തുത തുകകൾ വർദ്ധിപ്പിച്ചു നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (സി) | വകുപ്പിന്റെ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ 26/10/2013 ൽ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. അംഗീകൃത ഹോസ്റ്റലു |

| | | | |
|---|---|---|---|
| | | | കളിൽ താമസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ താമസഭക്ഷണ ചെലവിനമായി 3,500/-രൂപ ഏകീകരിച്ച് ഉത്തരവായത് 14/05/2014 ലാണ്. |
| (ഡി) | പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കായി എന്തൊക്കെ പ്രത്യേക ആനുകൂല്യമാണ് നൽകി വരുന്നത്; എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലാപ് ടോപ്പുകളുടെ വിതരണം കഴിഞ്ഞ അക്കാദമിക് വർഷം നടപ്പാക്കിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തുകൊണ്ടാണ് ഇതേവരെ വിതരണം ചെയ്യാൻ കഴിയാത്തത്; എന്നത്തേക്ക് ഇവ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (ഡി) | MBBS/B.Tech/BDS കോഴ്സുകൾക്ക് പഠിക്കുന്നതും 1 ലക്ഷം രൂപയോ അതിനു താഴെയോ വരുമാന പരിധിയുള്ള രക്ഷിതാക്കളുടെ മക്കൾക്ക് പ്രാരംഭ ചെലവുകൾക്ക് തുക അനുവദിച്ചുവരുന്നു. MBBS/BDS കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 10,000/- രൂപയും B.Tech കോഴ്സിന് പഠിക്കുന്നവർക്ക് 5,000/- രൂപയുമാണ് അനുവദിച്ചു വരുന്നത്.<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷം ഇ-ടെൻഡർ മുഖേന അർഹരായ വിതരണ ഏജൻസിയെ ലഭ്യമാകാത്ത തിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഈ അദ്ധ്യയന വർഷം ലാപ് ടോപ്പ് വിതരണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഇ) | പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനപരീക്ഷകൾക്കും, അഖിലേന്ത്യാ സർവ്വീസ് പരീക്ഷകൾ ഉൾപ്പെടെയുള്ള മൽസര പരീക്ഷകളിലും പങ്കെടുക്കു ന്നതിന് പരിശീലനം നൽകാൻ നിലവിൽ എന്തൊക്കെ സംവിധാന ങ്ങളാണുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഇ) | വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ പരിശീലിപ്പി ക്കുന്നതിന് 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ തിരുവനന്തപുരം, ആലപ്പുഴ, കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കുള്ള കോച്ചിംഗിനായി എസ്.സി വിദ്യാർത്ഥികൾക്ക് 20,000/- രൂപ വരെ ധനസഹായം അനുവദിച്ചു വരുന്നു. എസ്.എസ്.എൽ.സി പരീക്ഷ യിൽ എല്ലാ വിഷയങ്ങൾക്കും ബി+ ന് മുകളിൽ ലഭിച്ച, രക്ഷിതാക്കളുടെ വരുമാന പരിധി 4.5 ലക്ഷം രൂപയോ അതിനു താഴെയോ ഉള്ള വിദ്യാർത്ഥി കൾക്കാണ് ധനസഹായം അനുവദിച്ചു വരുന്നത്. അഖിലേന്ത്യാ സർവ്വീസുകളി ലേയ്ക്കുള്ള മത്സര പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് വകുപ്പിന്റെ ആഭിമുഖ്യ ത്തിൽ ICSETS എന്ന സ്ഥാപനം തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ